"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കട്ടപ്പന നഗരസഭയിൽ നിന്നും 31.05.2022 ൽ ഫുൾടൈം ലൈബ്രേറിയൻ തസ്തികയിൽ വിരമിച്ച ശ്രീ.എം.വി.ജോസഫിനെ നഗരസഭയിൽ തുടരാൻ അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ടിയാനെ നഗരസഭയിൽ ഉൾപ്പെടുത്തി റഗുലറൈസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1255/2023/LSGD തീയതി,തിരുവനന്തപുരം, 17-06-2023

---

പരാമർശം:- 1. 30-4-2015ലെ സ.ഉ.(അച്ചടി) നം.153/2015/തസ്വഭവ.

2. എൽ.എസ്.ജി.ഡി(അർബൻ) ഡയറക്ടറുടെ 30-8-2022,9-1-2023ലെ പി5-6104/2022 നമ്പർ കത്ത്.

3. എൽ.എസ്.ജി.ഡി(അർബൻ) ഡയറക്ടറുടെ 28-2-2023ലെ LSGD/PD/7585/2023-PEN A5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കട്ടപ്പന നഗരസഭയിൽ നിന്നും 31.05.2022 ൽ ഫുൾടൈം ലൈബ്രേറിയൻ തസ്തികയിൽ വിരമിച്ച ശ്രീ.എം.വി.ജോസഫിന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നതിനായി ഓഡിറ്റ് വകുപ്പിൽ നിന്നും വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്നും ടിയാന്റെ സേവന കാലം മുഴുവനും പഞ്ചായത്ത് ജീവനക്കാരൻ എന്ന നിലയിലാണ് എന്നും പരാമർശം (1) ഉത്തരവ് പ്രകാരം കട്ടപ്പന ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കി മാറ്റിയതിനെ തുടർന്ന് ശ്രീ.എം.വി.ജോസഫ് പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് പ്രകാരമാണ് നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ചത് എന്നും ടിയാന്റെ പി.എഫ്, പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ നഗരസഭയിൽ നിന്നും മുടക്കമില്ലാതെ പഞ്ചായത്ത് ഡയറക്ടറേറ്റിലേക്ക് അടവാക്കിയിട്ടുണ്ടെന്നും ടിയാന്റെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ല എന്നും ആയതിനാൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭയിൽ നിന്നാണോ, പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നാണോ അനുവദിക്കേണ്ടതെന്ന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം എൽ.എസ്.ജി.ഡി(അർബൻ) ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. കട്ടപ്പന ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയർത്തിയതിനെ തുടർന്ന് 31-10-2015ലെ സ.ഉ.(കൈ)333/2015/തസ്വഭവ പ്രകാരം ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നഗരസഭയിൽ നിലനിർത്തിയിരുന്നതും എന്നാൽ കട്ടപ്പന നഗരസഭയിൽ 5-8-2016ലെ സ.ഉ.

(അച്ചടി) 109/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തസ്തികകൾ അനുവദിച്ചപ്പോൾ ലൈബ്രേറിയൻ തസ്തികകൾ അനുവദിച്ചിരുന്നില്ലെന്നും തുടർന്ന് 23-12-2019ൽ ടിയാനെ ഫുൾടൈം കണ്ടിജന്റ് തസ്തികയിലേയ്ക്ക് ഉയർത്തി നഗരസഭയിൽ തുടർന്നുവന്നിട്ടുള്ളതുമാണെന്നും ടിയാന്റെ ഇപിഎഫ് കോൺട്രിബ്യൂഷൻ, പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ നഗരസഭയിൽ നിന്നും പഞ്ചായത്ത് ഡയറക്ടറേറ്റിലേയ്ക്ക് മുടക്കമില്ലാതെ ഒടുക്കിയിട്ടുള്ളതാണെന്നും അറിയിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.കട്ടപ്പന പഞ്ചായത്ത് നഗരസഭയായി മാറിയ സാഹചര്യത്തിൽ, ശ്രീ.എം.വി.ജോസഫിനെ പഞ്ചായത്ത് വകുപ്പിൽ നിന്ന് നഗരസഭയിലേയ്ക്ക് മാറ്റി നിയമിക്കുവാനുള്ള ഉത്തരവില്ലാതെ നഗരസഭയിൽ തുടരാൻ അനുവദിച്ചത് ക്രമപ്രകാരമല്ല. മേൽ സാഹചര്യത്തിൽ, 30-4-2015 ലെ സ.ഉ. (അച്ചടി) നം.153/2015/തസ്വഭവ ഉത്തരവ് പ്രകാരം കട്ടപ്പന പഞ്ചായത്ത് നഗരസഭയായി മാറിയതിനെ തുടർന്ന് ശ്രീ.എം.വി.ജോസഫിനെ പഞ്ചായത്ത് വകുപ്പിൽ നിന്ന് നഗരസഭയിലേയ്ക്ക് മാറ്റി നിയമിക്കുവാനുള്ള ഉത്തരവില്ലാതെ നഗരസഭയിൽ തുടരാൻ അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ടിയാനെ നഗരസഭയിൽ ഉൾപ്പെടുത്തി റഗുലറൈസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൻ പഞ്ചായത്തിൽ ജോലി ചെയ്ത കാലയളവിലെ പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്ത് വകുപ്പിൽ നിന്നും മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. പ്രസ്തുത നടപടിക്രമം പൂർത്തിയായതിനു ശേഷം മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ടിയാന് പെൻഷൻ അനുവദിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ശ്രീ ശ്രീ.എം.വി.ജോസഫിന്റെ സർവ്വീസ് ബുക്ക്,പെൻഷൻ ബുക്ക് എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കട്ടപ്പന നഗരസഭ, ഇടുക്കി ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 17-06-2023 15:17:41
സെക്ഷൻ ഓഫീസർ